# കത്തോലിക്കാകുടുംബം.

പുസ്തകം 17. നവംബർ 1942. ലക്കം 4.

## ആത്മശോധന.

പുണ്യപൂർണ്ണത പ്രാപിക്കുവാൻ ക്രിസ്ത്യാനികൾക്കെല്ലാവർക്കും കടമയുണ്ടു്. അതു സാധിക്കുന്നതിനു നാം അത്യാവശ്യം അനുഷ്ഠിക്കേണ്ട ഒരു ഭക്തികൃത്യമാണു് "ആത്മശോധന." ഈ കൃത്യത്തിന്റെ ശരിയായ സ്വരൂപമെന്തെന്നു ധരിച്ചിട്ടുള്ളവരും അനുദിനജീവിതത്തിൽ ഇതിനെ പ്രായോഗികമാക്കിത്തീർക്കുന്നവരും എണ്ണത്തിൽ വളരെ കുറവാണു്. കുമ്പസ്സാരിക്കുന്നതിനുമുമ്പു ചെയ്യേണ്ട ഒരു ചടങ്ങു് എന്നതിൽക്കൂടുതലായി സാധാരണ ജനങ്ങളുടെയിടയിൽ ഇതിനു സ്ഥാനം ഉണ്ടോ എന്നു തോന്നുന്നില്ല. ആകയാൽ, കുടുംബവായനക്കാരുടെ ശ്രദ്ധയെ പ്രസ്തുതവിഷയത്തിലേക്കു ക്ഷണിച്ചുകൊള്ളുന്നു. ആത്മശോധനയെന്നാൽ എന്തു്, അതിന്റെ ആവശ്യകത, ഫലപ്രദമായി അതു നടത്തേണ്ടതെങ്ങനെ എന്നിവയെപ്പററി നമുക്കു് അല്പമൊന്നു പര്യാലോചിക്കാം.

ആത്മശോധന എന്ന വാക്കിനു്, സ്വയം പരിശോധിക്കുക എന്നോ, ആത്മാവിനെ പരിശോധിക്കുകയെന്നോ അർത്ഥം കല്പിക്കാവുന്നതാണു്. നാം പ്രതിനിമിഷം ചെയ്യുന്ന പ്രവൃത്തികളിൽ അവശ്യം ചെയ്യേണ്ടതെന്തെങ്കിലും വിട്ടുകളഞ്ഞിട്ടുണ്ടോ എന്നും, അവയുടെ ഉദ്ദേശ്യം ശരിയാണോയെന്നും അവ പരിപൂർണ്ണമാണോയെന്നും മററും പരിശോധിക്കുകയും ആ പ്രവൃത്തികളിലുള്ള ന്യൂനതകളെ ദൂരീകരിക്കുവാൻ നിശ്ചയിക്കുകയും ചെയ്യുന്ന അന്ത:കരണത്തിന്റെ പ്രവൃത്തി എന്നു് ഇതിനെ നിർവ്വചിക്കാം.

ശരീരവും ആത്മാവും കൂടിച്ചേർന്നുണ്ടായിട്ടുള്ള മനുഷ്യനു സ്രഷ്ടാവിനോടും, സഹജീവികളോടും, തന്നോടുതന്നെയും ചെയ്യേണ്ട അനവധി കർത്തവ്യങ്ങളുണ്ടു്. നാം ദിവസേന ചെയ്യുന്ന പ്രവൃത്തികൾ എത്രയെന്നു ഖണ്ഡിതമായിപ്പറയുവാനോ, അവ ഇന്നയിന്ന തരമെന്നു തിട്ടപ്പെടുത്തുവാനോ വളരെ പ്രയാസമുണ്ടു്. സദാ ജോലി നടന്നുകൊണ്ടിരിക്കുന്ന ഒരു വ്യവസായശാലയോടോ, ജനങ്ങളുടെ ഗതാഗതത്താലും വിവിധവ്യാപാരങ്ങളിലേർപ്പെട്ടിരിക്കുന്നവരുടെ ബഹളത്താലും നിറയപ്പെട്ട ഒരു തെരുവിനോടോ വേണം നമ്മെ ഉപമിക്കുവാൻ. നമ്മുടെ ആത്മശരീരങ്ങളുടെ ശക്തികൾ വിവിധങ്ങളും അവയുടെ പ്രവർത്തനങ്ങൾ സംഖ്യാതീത

ങ്ങളുമാണ്. ആത്മാവിൽ ബുദ്ധി, മനസ്സ് എന്ന രണ്ടു ശക്തികളും ശരീരത്തിൽ നമ്മുടെ പഞ്ചേന്ദ്രിയങ്ങളും അന്തരിന്ദ്രിയങ്ങളും നിരന്തരം പ്ര[illegible]ത്തിച്ചുകൊണ്ടാണിരിക്കുന്നത്. പ്രസ്തുത വ്യാപാരങ്ങളിൽ, നമ്മുടെ [illegible]ഷ്ടാവിനോടും സഹജീവികളോടും നമ്മോടുതന്നെയുമുള്ള കർത്തവ്യ[illegible]ളിൽ എന്തെങ്കിലും കുറവുവന്നിട്ടുണ്ടോ എന്നു നാം പരിശോധിക്കുകയും, ഏതെങ്കിലും ന്യൂനതകൾ സംഭവിച്ചിട്ടുണ്ടെന്നു കാണുകയാണെങ്കിൽ അവയ്ക്കുവേണ്ട പ്രതിവിധികൾ ചെയ്യുന്നതാണെന്നു പ്രതിജ്ഞചെയ്യുകയും വേണം.

ആത്മശോധനയെ വേദശാസ്ത്രജ്ഞന്മാർ രണ്ടായി വിഭജിക്കുന്നു. അവ: 1 പൊതുവായുള്ളത്. 2 പ്രത്യേകിച്ചുള്ളത്. നമ്മുടെ എല്ലാ പ്രവൃത്തികളേയുംപററി സാമാന്യമായി പരിശോധിക്കുന്നതു 'പൊതുവാ'യുള്ളതും, ഏതെങ്കിലും ഒരു ന്യൂനതയെമാത്രം സവിശേഷമായ ശ്രദ്ധയോടെ പരിശോധിക്കുന്നതു 'പ്രത്യേകി'ച്ചുള്ളതുമാകുന്നു. പുണ്യപൂർണ്ണത പ്രാപിക്കാൻ ചുമതലയുള്ളവരെല്ലാം 'പ്രത്യേകിച്ചുള്ള ആത്മശോധന'യാണ് അനുഷ്ഠിക്കേണ്ടത്.

ആവശ്യം:— ഏതെങ്കിലും ഒരു പ്രവൃത്തി, ഉദ്ദേശിക്കപ്പെട്ടിട്ടുള്ള ഫലം പുറപ്പെടുവിക്കണമെങ്കിൽ ചില കാര്യങ്ങൾ പ്രത്യേകിച്ചു ചെയ്യേണ്ടതായുണ്ട്. ആ പ്രവൃത്തിയുടെ ഗതിയെ ശരിയായി പരിശോധിച്ച് അതിൽക്കാണുന്ന കുറവുകളെ പരിഹരിക്കുകയും പൂർവ്വാധികം ഫലപ്രദങ്ങളായ മാർഗ്ഗങ്ങളെ ഉപയോഗിക്കുകയും വേണം. ഈ തത്ത്വം നന്നായി മനസ്സിലാക്കിക്കൊണ്ടുതന്നെയാണ് ഓരോ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ തങ്ങളുടെ തൊഴിലിന്റെ സ്ഥിതിഗതികളെ പരിശോധിച്ചുനോക്കുന്നത്. കച്ചവടക്കാർ പീടികപൂട്ടുന്നതിനുമുമ്പായി അതാതുദിവസത്തെ വരവുചെലവുകളുടെ കണക്കു ശരിയാക്കുന്നതു പലരും കണ്ടിട്ടുണ്ടായിരിക്കുമല്ലോ. ആദ്ധ്യാത്മികദൃഷ്ട്യാ, നമ്മുടെ ജീവിതം ഒരു കച്ചവടംതന്നെയാണ്. അനുനിമിഷം ചില സാധനങ്ങൾ നാം വാങ്ങിക്കുകയും മററു ചിലതു വില്ക്കുകയും ചെയ്യുന്നുണ്ട്. നാം വാങ്ങിക്കുന്നവ, വിലതീരാത്ത വരപ്രസാദപ്രേരണകൾ, ദൈവാനുഗ്രഹം, നമ്മുടെ മദ്ധ്യസ്ഥന്മാരുടേയും കാവൽദൂതന്മാരുടേയും സഹായം എന്നിവയും, നാം വില്ക്കുന്നവ, മാനസികമായും ശാരീരികമായും നാം ചെയ്യുന്ന ഓരോ പ്രവൃത്തിയുമാണ്. ലൗകികകാര്യങ്ങളിൽ മനുഷ്യർ ഇത്രയധികം ശ്രദ്ധപതിക്കുന്നെങ്കിൽ അനശ്വരമായ ആത്മാവിന്റെ രക്ഷയെസംബന്ധിക്കുന്ന കാര്യങ്ങളിൽ എത്ര അധികം ശ്രദ്ധിക്കേണ്ടതാണ്. ജീവിതകാലത്തിൽ ലഭിക്കുന്ന ഓരോ നിമിഷവും ജീവിതശേഷം നാശമില്ലാത്ത നിക്ഷേപത്തെ സമ്പാദിക്കുന്നതിനു വിനിയോ

ക്കുന്നതാണു സുബുദ്ധിയുള്ളവരുടെ കർത്തവ്യം.

ദിവ്യരക്ഷകൻ അരുളിച്ചെയ്തിരിക്കുന്ന വാക്കുകളിൽനിന്നും നമുക്കു ലഭിക്കുവാനിരിക്കുന്ന വിധിയുടെ കാഠിന്യം വിശദമാണ്. "എന്നാൽ, ഞാൻ നിങ്ങളോടു പറയുന്നു: മനുഷ്യർ സംസാരിക്കുന്ന സകല വ്യർത്ഥവചനങ്ങൾക്കും വിധിദിവസത്തിൽ കണക്കുബോധിപ്പിക്കേണ്ടിവരും." ദൈവം അനന്തമായ കരുണയുള്ളവനാണെങ്കിലും അതു് അവിടുത്തെ നീതിയെ ബാധിക്കുന്നില്ല. വിധിദിവസത്തിൽ അവിടുത്തെ കരുണയല്ല, നീതിയാണു വെളിപ്പെടുന്നതു്. മേലുദ്ധരിക്കപ്പെട്ട വാക്യത്തിൽനിന്നും, നമ്മുടെ വ്യർത്ഥവചനങ്ങൾക്കുകൂടെയും ഉത്തരംപറയേണ്ടിവരുമെന്നു വിശദമാകുന്നുണ്ടല്ലോ. പലപ്പോഴും നാം നിസ്സാരമെന്നു ഗണിച്ചു തള്ളിക്കളയുന്ന കാര്യങ്ങളായിരിക്കാം അവസാന വിധിനാളിൽ നമ്മെ കുറ്റാരോപണംചെയ്യുന്നതു്. ആത്മശോധന ചെയ്യാത്തവനുണ്ടോ ഈ ന്യൂനതകൾ അറിയുന്നു. ദാരിദ്ര്യത്തിന്റെ ക്ലേശം അനുഭവിച്ചറിഞ്ഞിട്ടില്ലാത്തവൻ ധനത്തിന്റെ മാഹാത്മ്യം അറിയുന്നില്ല. സ്വന്തം ബലഹീനതയോ, കുറ്റമോ, ഹീനത്വമോ അറിയാത്തവനെ അനുതാപത്തിനു പ്രേരിപ്പിക്കുന്ന ശക്തിയേതാണ്? പോരെങ്കിൽ സ്വന്തകുറ്റം കാണുന്നതിൽ മനുഷ്യൻ സ്വഭാവത്താലേ വിമുഖനുമാണ്. അന്യന്റെ കണ്ണിലിരിക്കുന്ന പൊടി കണ്ടാലും സ്വന്തംകണ്ണിലെ തടി കാണാതിരിക്കയെന്നതു മനുഷ്യനു സ്വാഭാവികമാണ്. ഇങ്ങനെയുള്ള മനുഷ്യൻ ശരിയായി പരിശോധിച്ചില്ലെങ്കിൽ തന്നിലുള്ള വൈകല്യങ്ങളെ കാണുക സാദ്ധ്യമല്ല; കാണാതെ എങ്ങനെ അവയെ പരിഹരിക്കാൻ കഴിയും?

ഈ തത്വത്തെ അടിസ്ഥാനമാക്കിത്തന്നെയാണു വിശുദ്ധന്മാർ ആത്മശോധനയ്ക്കു സുകൃതാഭ്യാസങ്ങളിൽ പ്രധാനമായ ഒരു സ്ഥാനം നല്കിയിട്ടുള്ളതു്. പുണ്യപൂർണ്ണതയുടെ അത്യുച്ചിയിൽ എത്തിയിട്ടുള്ളവർ ദിവസേന അനേകം പ്രാവശ്യം തങ്ങളുടെ പ്രവൃത്തികളെ പരിശോധിച്ചിട്ടുള്ളതായി വിശുദ്ധന്മാരുടെ ചരിത്രം സാക്ഷ്യംവഹിക്കുന്നു. വി. ബെർണ്ണാർദ്ദ് പറയുന്നതു ശ്രവിച്ചാലും. "അതിരാവിലേ, കഴിഞ്ഞരാത്രിയിലെ പ്രവൃത്തികളെപ്പറ്റി നീ സ്വയം പരിശോധിക്കുകയും അടുത്ത ദിവസത്തെയ്ക്കു പ്രത്യേകം ചെയ്യേണ്ടതേവയെന്നു ശോധനചെയ്യുകയുംവേണം. വൈകുന്നേരമാകട്ടെ, അന്നത്തെ പ്രവൃത്തികളെ പരിശോധിക്കുകയും അടുത്തരാത്രിയിൽ ശ്രദ്ധിക്കേണ്ടവയെ നിശ്ചയിക്കുകയും ചെയ്യുക."

ആത്മശോധന ഫലപ്രദമായി ചെയ്യേണ്ടതെങ്ങിനെയെന്നാണ് ഇനി ചിന്തിക്കുവാനുള്ളതു്. ആദ്ധ്യാത്മികശാസ്ത്രജ്ഞന്മാർ നിർദ്ദേശിച്ചിരിക്കുന്നതു താഴെപ്പറയുന്നരീതിയാണ്. ഏതെങ്കിലും ഭക്തികൃത്യം ചെയ്യുവാൻ ആ

രംഭിക്കുമ്പോഴും ചെയ്യാറുള്ളതുപോലെ ദൈവസാന്നിധ്യത്തെപ്പററി അല്പം ചിന്തിക്കുക. അനന്തരം ഫലപ്രദമായവിധത്തിൽ, അതായതു്, പല വിചാരംകൂടാതെ പ്രസ്തുതകൃത്യം നടത്തുന്നതിനുള്ള പ്രത്യേകാനുഗ്രഹം ദൈവത്തോടപേക്ഷിക്കുക. അടുത്തതായി, ആത്മശോധനയുടെ രീതി അനുസരിച്ചു സാമാന്യമായി സകല പ്രവൃത്തികളേയുംകുറിച്ചോ അല്ലെങ്കിൽ ഏതെങ്കിലും ഒരു ന്യൂനതയെക്കുറിച്ചോ, അവയുടെ സാഹചര്യങ്ങളും, സംഖ്യ എന്നിവയെപ്പററി സസൂക്ഷ്മം പരിശോധിക്കുക. നാം പാപത്തിലുൾപ്പെട്ടിട്ടില്ലെന്നു് ഈ പരിശോധനയിൽ കാണുന്നപക്ഷം ദൈവപരിപാലനയ്ക്കു സ്തോത്രംചെയ്യുക. അല്ലെങ്കിൽ ദൈവത്തോടു പൊറുതി അപേക്ഷിക്കുക. അനന്തരം, ഈ കൃത്യം പൂർവ്വാധികം ശക്തിമത്തായ ഒരു പ്രതിജ്ഞചെയ്തുകൊണ്ടു് അവസാനിപ്പിക്കുക.

ഇപ്രകാരം ആത്മശോധന ചെയ്തുകൊണ്ടു് സജീവക്രിസ്ത്യാനികളായിവർത്തിക്കുവാൻ ദൈവം നമുക്കു് അനുഗ്രഹം പ്രദാനം ചെയ്യട്ടെ!

---

“കഠിനപാപികളെ മനസ്സുതിരിക്കുവാനുള്ള വരം വൈദികന്മാർക്കു ഞാൻ കൊടുക്കും.”

---

ജയിൽസൂക്ഷിപ്പുകാരൻ: അച്ചോ, ഇന്നു പശ്ചാത്താപത്തിന്റെ വല്ല ലക്ഷണവും അയാൾ കാണിക്കുന്നുണ്ടോ?

ഫാ. മൂർ. ‘ഇല്ല’, അദ്ദേഹം മ്ളാനവദനനായിപ്പറഞ്ഞു: “വിധിത്തീർപ്പിനുശേഷം അയാൾ സംസാരിക്കുന്നുപോലുമില്ല ഇന്നു വെള്ളിയാഴ്ചയാണല്ലോ. കഷ്ടം! അടുത്തതിങ്കളാഴ്ച അയാൾ വധിക്കപ്പെടും. ഈ അവസാനനിമിഷത്തിൽപ്പോലും മനസ്താപത്തിന്റെ ലക്ഷണമൊന്നും കാണിക്കാത്തതു സങ്കടകരമായിരിക്കുന്നു.”

വലിയ ദുഃഖഭാരത്തോടെയാണു ഫാ. മൂർ തന്റെ വസതിയിലേക്കു പോയതു്. നിർഭാഗ്യവാനായ ആ മനുഷ്യനു സംഭവിക്കാനിരിക്കുന്ന വിധിയെക്കുറിച്ചും ദൈവവുമായി രമ്യപ്പെടേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും ഫാ. മൂർ നിരന്തരമായി അയാളെ രണ്ടാഴ്ചയായിട്ടു് ഉപദേശിച്ചുകൊണ്ടാണിരുന്നിട്ടുള്ളതു്. സദുപദേശങ്ങളും അപേക്ഷകളും ശാസനകളുമെല്ലാം നിഷ്ഫലമായിത്തീർന്നു. ഒരക്ഷരം ഉരിയാടാത്ത അയാളോടു് അദ്ദേഹം എന്തുചെയ്യാനാണു്. അദ്ദേഹം പള്ളിയിൽ പ്രവേശിച്ചു്, നിത്യവിധിയാളന്റെ മുമ്പിൽ താമസിയാതെ നില്ക്കേണ്ടിവരുന്ന ആ മനുഷ്യനുവേണ്ടി കണ്ണീരോടെ അപേക്ഷിച്ചു. ദുഃഖിതർക്കു് ആശ്വാസവും സമാധാനവും കൊടുക്കുന്നവനും ധൂർത്തപുത്രന്റെ പ്രത്യാഗമനം പാർത്തു വർത്തി

ക്കുന്നവനുമായ ഈശോയുടെ ദിവ്യഹൃദയത്തിൽ അദ്ദേഹം തന്റെ ആവലാതികളം സമർപ്പിച്ചു. "കഠിനപാപികളെ മനസ്സുതിരിക്കാനുള്ള വരം പട്ടക്കാർക്കു ഞാൻ കൊടുക്കും" എന്ന ദിവ്യരക്ഷകന്റെ വാഗ്ദാനം ഓർത്തപ്പോൾ അദ്ദേഹത്തിന് ആശ്വാസവും ധൈര്യവും ലഭിച്ചു. മിശിഹായുടെ വാഗ്ദാനത്തിൽ ഉറച്ചവിശ്വാസത്തോടെ ഫാ. മൂർ അടുത്തദിവസം രാവിലെ ജയിലിൽവന്നു. തടവുകാരൻ പതിവിലധികം അസ്വസ്ഥനായിക്കാണപ്പെട്ടു. അയാൾ അങ്ങോട്ടും ഇങ്ങോട്ടും ആ ചെറിയമുറിയിൽക്കൂടി നടന്നുകൊണ്ടിരിക്കയായിരുന്നു. പെട്ടെന്നു നിന്നുകൊണ്ട് അയാൾ പറഞ്ഞു: "തിങ്കളാഴ്ചയാണു ഞാൻ മരിക്കേണ്ടതു്; ഇന്നു ശനിയാഴ്ചയാണ്."

ഫാ. മൂർ ജെയിൽമുറിയുടെ കതകുതുറന്ന് അതിൽ പ്രവേശിച്ചുകൊണ്ടു പറഞ്ഞു: "മരണം ഒരു നിസ്സാരകാര്യമാണ്. നാമെല്ലാവരും മരിക്കേണ്ടവരാണല്ലോ. എന്നാൽ, അതു കഴിഞ്ഞുള്ള വിധി, നിത്യത്വം, അവയെപ്പററി ഓർക്കുക. ഇപ്പോൾ അനുതാപത്തിനായി ക്ഷണിക്കുന്ന സ്വരത്തെ നിരസിക്കരുതെന്നു ഞാൻ അപേക്ഷിക്കുന്നു."

ജ. പുള്ളി. "ഞാൻ കുററക്കാരനല്ല; അതു ഞാൻ വീണ്ടും പറയുന്നു. ഞാൻ ആ മനുഷ്യനെ കൊന്നില്ല. ഒരാൾമാത്രമേ എനിക്കെതിരായി സാക്ഷിപറഞ്ഞിട്ടുള്ളൂ. അയാൾ എന്റെ ശത്രുവുമാണ്. എന്നിട്ടും അവർ എന്നെ തൂക്കിക്കൊല്ലുവാൻ പോകുന്നു. തൂക്കിക്കൊല്ലട്ടെ." ഇത്രയും പരുഷമായി പറഞ്ഞതിനുശേഷം അയാൾ വൈദികന്റെനേർക്ക് ഒന്നു കുതിച്ചു; അച്ചൻ അമ്പരന്നുപോയി. അയാൾ പറഞ്ഞു: "മരണത്തിനു വിധിക്കപ്പെട്ടവനാണെങ്കിലും എന്നെ ഭയപ്പെടേണ്ട. അങ്ങയുടെ മുഖം ഒരു പൂർവ്വസ്മരണ എന്നിലുളവാക്കുന്നു. അങ്ങയുടെ ഉപദേശങ്ങൾ ശ്രവിക്കുന്നില്ലെന്നു നടിച്ചെങ്കിലും എല്ലാം ഞാൻ കേട്ടിരുന്നു. എന്റെ അമ്മ ജീവിച്ചിരിക്കുന്നുവോ എന്ന് അങ്ങു ചോദിച്ചു, ഇല്ലേ? ഒരമ്മയുടെ പ്രാർത്ഥനാശക്തി! ഹാ! അതു് എന്റെ സ്വന്തം അമ്മയല്ല, ആ കഥ ഞാൻ പറയട്ടെ?"

ഫാ. മൂർ: "തീർച്ചയായും."

ജ. പുള്ളി: എന്റെ ചെറുപ്പത്തിൽ അങ്ങയോടു സാമ്യമുള്ള ഒരു കുട്ടിയെ ഞാൻ വളരെ സ്നേഹിച്ചിരുന്നു. വിസ്ലിയെന്നാണ് അവന്റെ പേർ. ഒരു ദിവസം വിസ്ലിയുടെ അമ്മ എന്റെ അടുക്കൽവന്ന് ഇപ്രകാരം എന്നോട് അഭ്യർത്ഥിച്ചു. "പ്രിയ കുഞ്ഞേ, ഞാനൊരു പാവപ്പെട്ട വിധവയാണ്. വിസ്ലിയാണ് എന്റെ ഏക സമ്പാദ്യം. എന്നാൽ, ദുഃസ്വഭാവിയായ നിന്റെ സ്നേഹബന്ധം അവനെ വഷളാക്കുമെന്നു ഞാൻ ഭയപ്പെടുന്നു. വേറൊരുസ്ഥലത്തുപോയി കാലയാപനം ചെയ്യാൻ ഞങ്ങൾക്കു നിവൃത്തിയില്ല. അതുകൊണ്ടു വേറെ വല്ല സ്ഥലത്തേക്കും പോകുണ

മെന്നു ഞാൻ നിന്നോടു കേണപേക്ഷിക്കുന്നു.'' എനിക്കു വിസ്സിയെപ്പിരിയുന്നതു മർമ്മഭേദകമായിത്തോന്നി. ഒടുവിൽ ആ സാധ്വിയുടെ അപേക്ഷയ്ക്കു മനസ്സില്ലാമനസ്സോടെ ഞാൻ സമ്മതിച്ചപ്പോൾ അവർ പറഞ്ഞു: ''കുഞ്ഞേ, പാവപ്പെട്ട ഒരമ്മയുടെ പ്രാർത്ഥനയും വാഴ്വും നിനക്കു് എന്നും ഉണ്ടായിരിക്കും.''

ഫാ. മൂർ: ''മി. ചാർലീ, നിങ്ങൾ എന്നെ തിരിച്ചറിയുന്നില്ലയോ?'' പൂർവ്വമിത്രത്തെ ആലിംഗനംചെയ്യുവാൻ ചാർലി കൈനീട്ടി. ഉത്തരക്ഷണത്തിൽ അയാൾ ബോധംകെട്ടു നിലംപതിച്ചു. വൈദികൻ അയാളെ താങ്ങി. ശബ്ദം കേട്ടു് ഓടിവന്ന ജയിൽസൂക്ഷിപ്പുകാരൻ ഞെട്ടിപ്പോയി. ''ദൈവത്തിന്റെ മുമ്പാകെ ഞാൻ ഏററുപറയുന്നു'' എന്ന നിലവിളി അവിടെയെങ്ങും മാറെറാലികൊണ്ടു. മി. ചാർലിയെ അല്പം ആശ്വസിപ്പിച്ച ശേഷം കുമ്പസാരം കേൾക്കുന്നതിന്നു് അടുത്തദിവസം വരാമെന്നും പറഞ്ഞു ഫാ. മൂർ സംതൃപ്തനായി അവിടെനിന്നുംപോയി. അധികദൂരം പോകുന്നതിന്നുമുമ്പു് ''അച്ചാ, ഈശോമിശിഹായ്ക്കു സ്തുതിയുണ്ടായിരിക്കട്ടെ'' എന്നും പറഞ്ഞു് ഒരു പെൺകുട്ടി ഓടിക്കിതച്ചു് അച്ചന്റെ അടുക്കൽവന്നു് 'എന്റെ അപ്പൻ സുഖക്കേടായിക്കിടക്കയാണു് അച്ചനെ കാണുവാൻ ആഗ്രഹിക്കുന്നു'എന്നറിയിച്ചു. അദ്ദേഹം നന്നാ ക്ഷീണിച്ചിരുന്നെങ്കിലും ഒട്ടും മടിക്കാതെ ആ കുട്ടിയെ പിൻതുടന്നു. ഫാ. മൂർ: ''കുഞ്ഞേ, നിന്റെ പേരെന്താണു്.'' കുട്ടി: ''വീട്ടിൽ വിളിക്കുന്നതു നികളിപ്പെണ്ണു് എന്നാണു്; പള്ളിക്കൂടത്തിൽ കെ. ഡബ്ളൂ. സൂസാൻ''ഫാ. മൂർ: ''അപ്പന്നു് എന്തു സുഖക്കേടാണു്.'' സൂസാൻ: ''അപ്പൻ കുറെ 'എടുക്കുന്ന' കൂട്ടത്തിലാണു്. കുറച്ചുദിവസങ്ങൾക്കുമുമ്പു കള്ളുകുടിച്ചു് ഒരു ലഹളയിൽ മുറിവേററതാണു്.''

കുപ്രസിദ്ധമായ ഒരു തെരുവിൽക്കൂടിനടന്നു ജീർണ്ണിച്ചുതുടങ്ങിയ ഒരു വീടിന്റെ മുമ്പിൽ അവർ വന്നുനിന്നു. കുട്ടി വാതിൽതുറന്നു് ഇരുളടഞ്ഞ ഒരു മുറിയിലേക്കു ഫാ. മൂറിനെ നയിച്ചു. മരണാസന്നനായ ഒരു മനുഷ്യൻ അവിടെക്കിടന്നിരുന്നു. അയാൾ പണിപ്പെട്ടു പറഞ്ഞു: ''അങ്ങു മി. ചാർലിയെക്കാണുന്നുണ്ടോ?'' ഫാ. ''ഉവ്വ്, ഞാൻ ഇപ്പോൾ അയാളെ കണ്ടുംവച്ചുവരുകയാണു്. എന്താണു കാര്യം?''

അയാൾ: ''അച്ചാ, വേറൊരു സാക്ഷിയെ കൂട്ടിക്കൊണ്ടുവരുവാൻ ആ നികളിപ്പെണ്ണിനെ വേഗം പറഞ്ഞയച്ചാലും.'' കുട്ടി പോയിക്കഴിഞ്ഞപ്പോൾ അച്ചൻ ചോദിച്ചു: ''കൊലപാതകത്തെക്കുറിച്ചു നിങ്ങൾക്കുവല്ലതും അറിയാമോ'' അയാൾ:'' 'എന്തു്, എനിക്കറിയാമെന്നോ? അച്ചാ, ഞാനാണു് ആ പാതകം നടത്തിയതു്. അല്പം മുറിവേല്പിക്കണമെന്നേ ഞാൻ വിചാരിച്ചുള്ളു. എന്നാൽ, അയാൾ മരിച്ചുവീഴുകയാണുണ്ടായതു്. ചാർ

ലിയെ ഞാൻ ദ്വേഷിച്ചിരുന്നതുകൊണ്ടു കൊലപാതകം അയാളിൽ ഞാൻ ചുമത്തി. അവൻ മരിക്കട്ടെ എന്നു ഞാൻ നിശ്ചയിച്ചു. എന്നാൽ, ഞാൻ ഇതാ മരിക്കാൻ തുടങ്ങുന്നു. അവൾ താമസിക്കുന്നല്ലോ."

ഫാ. "അവൾ ഉടൻ വരും; നിരപരാധിയെ മോചിക്കുന്നു എങ്കിലും, മറെറാരുഗൗരവാവഹമായ ചുമതല നിങ്ങൾ മറന്നുകളയുന്നു."

അയാൾ: "അതെന്താണ്? എനിക്കു വേറെ യാതൊരു ബാധ്യതയുമില്ല." ഫാ. "ദൈവവുമായിട്ടോ?" അയാൾ അക്ഷമനായി കിടക്കയിൽക്കിടന്നു മറിഞ്ഞു. "ഹാ! എന്നെപ്പോലെ ദുർമ്മാർഗ്ഗത്തിൽ ജീവിച്ചവക്കു മരണവും അപ്രകാരംതന്നെയായിരിക്കും."

ഫാ. "മരണംകഴിഞ്ഞു ദൈവന്യായാസനത്തിങ്കൽ നില്ക്കുമ്പോൾ ഒഴിവുകഴിവുപറയാൻ സാധിക്കയില്ല. ഇപ്പോൾ—ജീവിച്ചിരിക്കുമ്പോൾ—പാപോച്ചാരണംകൊണ്ടു ദൈവവുമായി രമ്യപ്പെടുക. അതിനു നിങ്ങളെ ഞാൻ സഹായിക്കാം. നല്ലകള്ളനു സ്വർഗ്ഗം പ്രദാനംചെയ്ത ദൈവം നിങ്ങളുടെ പാപങ്ങൾ എല്ലാം ക്ഷമിക്കും. ഇതാ ഒരയല്ക്കാരനോടുകൂടി കുട്ടി വരുന്നു. ആദ്യം സഹോദരനോടുള്ള കടപ്പാടു തീക്കുക. അനന്തരം നിങ്ങളോടുതന്നെയുള്ളതും.

നിരപരാധിയായ ചാർലിയെ മോചിപ്പിക്കുന്നതിനുള്ള രേഖ ശരിപ്പെടുത്തിയതിനുശേഷം അയാൾ അനുതാപത്തോടെ കുമ്പസാരം കഴിച്ചു. അയാളുടെ അപേക്ഷപ്രകാരം ഫാ. മൂർ അവിടെ താമസിച്ച് അയാൾക്ക് അന്ത്യകൂദാശകൾ കൊടുത്തു. പൂർണ്ണഹൃദയസമാധാനത്തോടെ അയാൾ മരിക്കുന്നതു കണ്ട് അദ്ദേഹം ആനന്ദാശ്രുക്കൾ പൊഴിച്ചുകൊണ്ടാണു യാത്രതിരിച്ചതു്. "അച്ചാ," പുറകിൽനിന്നു് ആരോ വിളിച്ചു. തിരിഞ്ഞുനോക്കിയപ്പോൾ സൂസൻ അടുത്തുനില്ക്കുന്നതാണ് അദ്ദേഹം കണ്ടതു്. "കുഞ്ഞേ, നിന്നോടുള്ള എന്റെ സഹതാപം അതിരററതാണ്. നീ ഇനി എന്തുചെയ്യുവാൻപോകുന്നു." സൂസൻ: "അച്ചാ, എനിക്കു സങ്കടമാണോ സന്തോഷമാണോ അധികം ഉള്ളതെന്ന് എനിക്കറിഞ്ഞുകൂടാ. ഇനി എനിക്ക് ഒരു കന്യാസ്ത്രീയാകണമെന്ന് ആഗ്രഹം തോന്നുന്നു. അതിനു ഞാൻ എന്തുചെയ്യണം." ഫാ. "ആദ്യം നിന്റെ പേരിനു കാരണമായ 'പുണ്യവാളത്തിയെ' ഉപേക്ഷിക്കണം." സൂസൻ: "അതാരാ?" ഫാ. "നികളം." സൂസൻ: "അതു ഞാൻ പണ്ടേ കളഞ്ഞു. ഇനി എന്നെ ആ പേരു വിളിക്കാൻ ആരുമില്ലാ." അവൾ പൊട്ടിക്കരഞ്ഞു. ഫാ. "കുഞ്ഞേ, കരയാതെ; നിന്റെ സംരക്ഷണത്തിനു ഞാൻ വേണ്ടതു ചെയ്യാം. നിനക്കു ദൈവവിളിയുണ്ടെങ്കിൽ ഒരുകാലത്തു നീ ഒരു കന്യാസ്ത്രീയായിത്തീരും. ഞാൻ പോകട്ടെ." അവൾ അച്ചന്റെ കൈമു

ത്തിയശേഷം വീട്ടിനുള്ളിലേയ്ക്കു് ഓടിമറഞ്ഞു. കൃതജ്ഞതയുടേയും സന്തോഷത്തിൻേറയും തിരത്തള്ളലുകൊണ്ടു ഫാ. മൂർ ഉദ്ഘോഷിച്ചു: "ഈശോയുടെ പരിശുദ്ധ ഹൃദയമേ, ഞാൻ ഒരാളെയാണു ചോദിച്ചതു്. നീ എനിക്കു മൂന്നുപേരെ നല്കി."     X     X     X     X

മാസംതോറും ഫാ. മൂറിനു മി. ചാർലിയുടെ കത്തുകൾ കിട്ടിക്കൊണ്ടിരുന്നു. അവയെല്ലാം ഈ. തിരുഹൃദയത്തോടുള്ള കൃതജ്ഞതകൊണ്ടു നിറഞ്ഞവയായിരുന്നു. അത്യാപത്തിൽനിന്നും തന്നെ രക്ഷിച്ച ആ ദിവ്യഹൃദയത്തെ ബഹുമാനിക്കുന്നതിൽ അതീവതാല്പര്യം അയാൾ കാണിച്ചു. ചാർലിയുടെ പ്രേഷിതവേലയുടെ ചരിത്രങ്ങളടങ്ങിയ കത്തുകൾ ഇപ്പോഴും ഫാ. മൂർ തൻേറ വേദപാഠകുട്ടികളെ വായിച്ചുകേൾപ്പിക്കാറുണ്ടു്. കഠിനഹൃദയങ്ങളെ മയപ്പെടുത്തുവാനുള്ള വരം തൻേറ വൈദികന്മാർക്കു കൊടുക്കുന്ന ഈശോയുടെ തിരുഹൃദയത്തെ നമുക്കു സ്തുതിക്കാം.

## സി. ഇ. സി. അംഗങ്ങൾക്കു്.

കുട്ടികൾക്കു ശുദ്ധീകരാത്മാക്കളെ എങ്ങനെ സഹായിക്കാം.



ക്രിസ്തുവിൻേറ കുഞ്ഞുപടയാളികളേ, ബാലയോദ്ധാക്കളേ,

നവംബർമാസം 2-ാം തീയതി സകല മരിച്ചവരുടേയും ഓർമ്മയ്ക്കായി നമ്മുടെ മാതാവായ കത്തോലിക്കാ തിരുസ്സഭയാൽ നിശ്ചയിക്കപ്പെട്ടിട്ടുള്ള ദിവസമാണല്ലോ. മരിച്ചവരുടെ തിരുനാൾദിവസം പള്ളിയിൽപ്പോയി വി. കർമ്മങ്ങളിൽ സംബന്ധിച്ചിട്ടുള്ള നിങ്ങൾക്കറിയാം അതു ദുഃഖസൂചകമാണെന്നു്. അതേ, അന്നു വൈദികൻ ധരിക്കുന്ന തിരുവസ്ത്രങ്ങളും വിശുദ്ധ ഗാനാലാപങ്ങളും മണിനാദവും എല്ലാം ദുഃഖസൂചകംതന്നെ. മരിച്ചുപോയ നമ്മുടെ ബന്ധുമിത്രാദികളുടെ ഓർമ്മയെയാണു നമ്മോടു അവ വിളിച്ചറിയിക്കുന്നതു്. പുണ്യപ്രവൃത്തികൾക്കായുള്ള തങ്ങളുടെ ലോകജീവിതം കഴിഞ്ഞുപോയതിനാൽ തങ്ങൾക്കായി യാതൊരു യോഗ്യതയും സമ്പാദിക്കു

Nihil Obstat. Fr. John Joseph O. C. D.
Imprimatur. † Joseph Attipetty,
*Ernakulam, 15-10-1942.* *Abp., Verapoly.*

J. M. Press, Mangalapuzha Seminary, Alwaye.